സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ പദ്ധതികൾ**

124 (3556) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ, എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നിലവിലെ സാഹചര്യത്തിൽ കോവിഡ് പ്രോട്ടോകോളിന് വിധേയമായി നടപ്പിലാക്കി വരുന്നു.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനത്തിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ സംഘടിപ്പിച്ച് വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

എം.എസ്.എം.ഇ. ഉത്പന്നങ്ങളുടെ വിപണനവും പൊതുസമൂഹത്തിന് അവ പരിചയപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും വ്യവസായ ഉത്പന്നങ്ങളുടെ പ്രദർശനം നടത്തി വരുന്നുണ്ട്.

(സി) ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സംരംഭങ്ങളെ ഒരുമിച്ച് കൊണ്ടുവന്ന് അവയ്ക്കാവശ്യമായ സേവനങ്ങൾ പൊതുവായി നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ക്ലസ്റ്റർ വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, സാങ്കേതിക പരിശീലനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

**ചെറുകിട വ്യവസായ മേഖലയ്ക്കായി സഹായ പദ്ധതി**

125(3557) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രതിസന്ധിയിലായ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിമൂലം രാജ്യത്തുടനീളം നിലനിൽക്കുന്ന നിയന്ത്രണങ്ങളാൽ ചെറുകിട വ്യവസായ മേഖല പ്രതിസന്ധി നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതിസന്ധിയിലായ സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി